# സൻമാർഗ്ഗ സന്ദേശം

# رسالتنا إليك

إعداد

**عبدالله بن عبدالعزيز العيدان**

ترجمة

**محمد كوتي أبو بكر**



مليالم

117

# هواتف مركز توعية الجاليات بالقصيم وفروعه

| م | المكتب | الهاتف | الناسوخ | م | المكتب | الهاتف | الناسوخ |
|---|---|---|---|---|---|---|---|
| ١ | مركز توعية الجاليات بريدة | ٣٢٤٨٩٨٠ | ٣٢٤٥٤١٤ | ١٨ | فرع المركز بصبيح | ٢٣٥٠٣٧٩ | ٢٣٥٠٣٧٩ |
| - | مركز توعية الجاليات بريدة | ٣٢٤٣١٠٠ | === | ١٩ | فرع المركز بالصفراء | ٣٨٣٠٠٧٢ | ٣٨٢١٦٢٠ |
| - | مركز توعية الجاليات بريدة | ٣٢٣١٤٠٥ | === | ٢٠ | فرع المركز بضراس | ٣٢٨١١٥٧ | ٣٢٨١١٥٧ |
| - | مركز توعية الجاليات بريدة | ٣٦٩٧٧٥٧ | === | ٢١ | فرع المركز بضرية | ٢٤٢٠٥٥١ | ٢٤٢٠٥٥١ |
| ٢ | المدرسة الأولى لتعليم الجاليات | ٣٢٦٦٨٨٠ | ٣٢٦٦٨٨٠ | ٢٢ | فرع المركز بعقلة الصقور | ٢٤٣٠٠١٩ | ٢٤٣٠٠٦٣ |
| ٣ | فرع المركز بأبي الورود | ٣٤٥٠٧٠٥ | ٣٤٥٠٧٠٥ | ٢٣ | فرع المركز بعيون الجواء | ٣٩١١٣١٣ | ٣٩١٢٣١٠ |
| ٤ | فرع المركز بالبدائع | ٣٣٣١٣٦٢ | تحويلة ٢٢ | ٢٤ | فرع المركز بالفايزية | ٣٨٤٤٤٨٢ | ٣٨٤٤٤٨٢ |
| ٥ | فرع المركز بالبشر | ٣٨٥١٠٠٥ | ٣٨٥١٠٠٤ | ٢٥ | فرع المركز بالفوارة | ٠٥٥١٥٥٧١١ | |
| ٦ | فرع المركز بالبصر | ٣٢٨٠٥٥٧ | تحويلة ١٠٥ | ٢٦ | فرع المركز بالفويلق | | |
| ٧ | فرع المركز بالبطين | ٣٣٤٦٥٧٢ | ٣٣٥٢٤٧٦ | ٢٧ | فرع المركز بقبة | ٣٤٧٠٤٤٣<br>٠٥٣١٣٣١٣٠ | ٣٤٧٠٧٢٠ |
| ٨ | فرع المركز بالبكيرية | ٣٣٥٩٢٦٦ | ٣٣٦٠٥٣٤ | ٢٨ | فرع المركز بقصيباء | ٣٧٨٠٦٢٧ | ٣٧٨٠٧٩٠ |
| ٩ | فرع المركز بجنوب بريدة | ٣٢٤٣٦٦٦ | ٣٢٤٣٦٦٦ | ٢٩ | فرع المركز بقليب الترمس | ٥٥١٤٣٥٧١ | ٥٥١٧٩٨٤٠ |
| ١٠ | فرع المركز بالخبيب | ٣٢٥٠١٤٢ | ٣٢٦٤٠٤١ | ٣٠ | فرع المركز بالقوارة | ٣٢٤٧٠٧٦ | ٣٢٤٦١٥٥ |
| ١١ | فرع المركز بدخنه | ٣٣٢٠٢٣٥ | ٣٣٢٠٨١٥ | ٣١ | فرع المركز بكبد | ٥٥١٧٨١٠٢ | ٥٥١٧٨١٠٢ |
| ١٢ | فرع المركز بالربيعية | ٣٤٠١٠٠٨ | ٣٤٠١٠٠٨ | ٣٢ | فرع المركز بالمدينة الصناعية | ٣٢٢٠٧٠٤ | ٣٢٢٠٧٠٥ |
| ١٣ | فرع المركز برياض الخبراء | ٣٣٤١٧٥٧ | تحويلة ٣١ | ٣٣ | فرع المركز بالمذنب | ٣٤٢٠٨١٥ | ٢٤٢١٣٨٢ |
| ١٤ | فرع المركز شرق بريده | ٣٦٩٥٨٨٠ | ٣٢٢٥٩٧٦ | ٣٤ | فرع المركز بمطار القصيم | | |
| ١٥ | فرع المركز شري | ٣٤٥٠٨٨٠ | ٥٥١٤٨٢١٢ | ٣٥ | فرع المركز بالنبهانية | ٢٤١٠٣٠٩ | ٢٤١٠٣٠٩ |
| ١٦ | فرع المركز بالشماسية | ٣٤٠١٩١١ | ٣٤٠١٩١١ | ٣٦ | فرع المركز بالوطنية | ٣٩٢٠١١١ | تحويلة ٩٥٥ |
| ١٧ | فرع المركز الشيحية | ٣٣٠٠٠٧٢ | ٣٣٠٠٠٨٢ | ٣٧ | فرع المكتب النسائي ببريدة | | |

# സൻമാർഗ്ഗ സന്ദേശം

വിവർത്തനം

ടി.എം.കുട്ടി കടന്നമണ്ണ

Co-Operative Office for Call & Guidance at Shifa
(Under The Supervision of the Ministry of Islamic Affairs)
P.B. No. 31717 Riyadh 11418 K.S.A
TEL. 4222626 / 4200620 FAX : 4221906

ⓒ المكتب التعاوني للدعوة والارشاد بالشفاء ، ١٤١٩هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

العيدان ، عبدالله بن عبدالعزيز

رسالتنا اليك / ترجمة محمد كوتي ابو بكر . الرياض.

... ص؛..سم

ردمك ٠-١٣-٨٤٣-٩٩٦٠

( النص باللغة المليبارية )

١- الاسلام ـ مبادى عامة ٢- الاسلام ـ دفع مطاعن أ- ابو بكر ، محمد كوتي

( مترجم ) ب- العنوان

ديوي ٢١٠ ١٩/٢٤٨٦

رقم الإيداع : ١٩/٢٤٨٦

ردمك : ٠-١٣-٨٤٣-٩٩٦٠

# വിവർത്തകന്റെ കുറിപ്പ്

## സൻമാർഗ്ഗ സന്ദേശം

മനുഷ്യന്റെ ഇഹപരലോകങ്ങൾക്ക് നിദാനം സ്രഷ്ടാവായ ദൈവത്തിൽ വിശ്വസിച്ച് അവന്റെ കൽപനകളും ശാസനകളും ജീവിതത്തിൽ പകർത്തുക മാത്രമാണ്. ആ കൽപനകളുടെയും ശാസനകളുടെയും സമാഹാരമാണ് ഇസ്‌ലാം.

ഇസ്‌ലാമിനെക്കുറിച്ച് ഒരു അമുസ്‌ലിം ഗ്രഹിക്കേണ്ട പ്രാഥമികമായ ചില വസ്തുതകളെ വിശകലനം ചെയ്യുകയാണ് ഈ കൊച്ചു സന്ദേശത്തിലൂടെ. വിശദമായും വ്യക്തമായും പ്രതിപാദിക്കുവാൻ ഇത്തരം ഒരു ചെറുകൃതി പര്യാപ്തമല്ലാത്തതിനാൽ ചില അടിസ്ഥാനവശങ്ങളിലേക്ക് ഒന്ന് എത്തി നോക്കുക മാത്രമാണ് ഈ സന്ദേശത്തിന്റെ ഉദ്ദേശ്യം. ഇസ്‌ലാമിനെക്കുറിച്ച ചില തെറ്റിദ്ധാരണകൾ തിരുത്താനും ശ്രമിച്ചിട്ടുണ്ട്.

ഇതൊരു വഴികാട്ടി മാത്രമാണ്. സത്യത്തിന്റെ പാതയിലേക്ക് എത്തിച്ചേരാൻ ആവശ്യമായ ഒരിറ്റുവെളിച്ചം മാത്രം. ഇസ്‌ലാമിനെ അറിയാനും കൂടുതൽ പഠിക്കാനും ഈ കൃതി പ്രേരകമാകുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

പിശകുകൾ ചൂണ്ടിക്കാണിക്കണമെന്ന് ഉണർത്തുന്നു. ഇതൊരു സ്വാലിഹായ കർമമായി അല്ലാഹു സ്വീകരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ കൊച്ചു കൃതി നിങ്ങളുടെ കരങ്ങളിലേക്ക് സമർപ്പിക്കുന്നു.

ടി.എം.കുട്ടി കടന്നമണ്ണ

Riyadh
Oct 25th, 1998

കോ-ഓപ്പറേറ്റീവ് ഓഫീസ് ഫോർ കാൾ ആന്റ് ഗൈഡൻസ്
മിനിസ്ട്രി ഓഫ് ഇസ്‌ലാമിക് അഫയേഴ്‌സ്, ശിഫാ, റിയാദ് സഊദി അറേബ്യ
Co-Operative Office for Call & Guidance
P.B. No. 31717 Riyadh - 11418 K.S.A.
Tel.: 4222626 / 4200620 Fax:4221906

# താളുകളിൽ

പേജ്


1. വിവർത്തകന്റെ കുറിപ്പ് ........ 3
2. താളുകളിൽ ........ 4
3. സ്നേഹത്തിന്റെ സന്ദേശം ........ 5
4. ഏതൊരു വസ്തുവിനും ദൗത്യമുണ്ട് ........ 6
5. മനുഷ്യന്റെ യഥാർത്ഥ ധർമ്മം ........ 7
6. യഥാർത്ഥ ദൈവം ആര്? ........ 8
7. അന്ധമായ അനുകരണത്തെ ഉപേക്ഷിക്കുക ........ 9
8. ഇസ്‌ലാമിന്റെ സത്യത ........ 10
9. ഇസ്‌ലാമിക വിശ്വാസത്തിന്റെ ആവശ്യകത ........ 11
10. ഇസ്‌ലാമും പരലോക വിശ്വാസവും ........ 13
11. ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമിടയിലെ ഒരു വിഭാഗം ... 16
12. വിശ്വാസത്തിന്റെ വഴിയിൽ പ്രശ്നങ്ങൾ തടസ്സമാവരുത് 17
13. ഇസ്‌ലാമിലെ ആരാധനയുടെ എളുപ്പം ........ 18
14. പ്രയോജനം അല്ലാഹുവിനല്ല. ........ 19
15. അവസാനമായി ........ 20

# സ്നേഹത്തിന്റെ സന്ദേശം

സ്നേഹത്തിന്റെയും ആദരവിന്റെയും ഭാഷയിൽ, ഹൃദയത്തിൽ നിന്നും ഹൃദയത്തിലേക്ക്.. ഇതാ.. വെളിച്ചമാകുന്ന അക്ഷരങ്ങൾകൊണ്ട് സ്നേഹത്തിന്റെ ഒരു കൊച്ചു സന്ദേശം. ബുദ്ധിമാനായ ഒരു ചിന്തകന്റെ വീക്ഷണത്തോടെ താങ്കൾ ഇത് പഠിച്ചെങ്കിൽ..., നിഷ്കളങ്കമായ ഈ വിളിക്ക് ഉത്തരം നൽകാൻ താങ്കൾക്ക് സാധിച്ചേക്കാം. ഈ സന്ദേശത്തിലെ വരികൾ താങ്കളുടെ സൗഭാഗ്യവും സന്തോഷവും മാത്രമാണ് കാംക്ഷിക്കുന്നത്. താങ്കളുമായി സ്നേഹബന്ധവും സാഹോദര്യബന്ധവും സ്ഥാപിക്കുവാൻ ഈ സന്ദേശം കാംക്ഷിക്കുന്നു. അൽപ്പസമയം ഇതിലേക്ക് ശ്രദ്ധിച്ചാലും... ഈ വാക്കുകൾ ശ്രവിച്ചാലും... ഈ കൊച്ചു സന്ദേശം ഒന്ന് വായിച്ചാലും.

മനുഷ്യസൃഷ്ടിപ്പിന്റെ അർത്ഥവും ഐഹിക ജീവിതത്തിൽ അവന്റെ ദൗത്യവും എന്തെന്നുള്ളതിനെ സംക്ഷിപ്തമായി പരിശോധിക്കുകയാണ് ഈ സന്ദേശത്തിലൂടെ. ഓരോ മനുഷ്യനുമായും ബന്ധപ്പെട്ട വളരെ പ്രാധാന്യമേറിയ ഈ വിഷയത്തിൽ താങ്കളുടെ വീക്ഷണം അറിയുവാനും, അത് പരിശോധിച്ച് ചർച്ചചെയ്ത് ശരിയായ കാഴ്ചപ്പാടിലേക്കും യാഥാർത്ഥ്യത്തിലേക്കും എത്തിച്ചേരുവാനും താങ്കളെ ക്ഷണിക്കുകയാണ്. അജ്ഞത സ്വാഭാവികമാണ് അത് പലപ്പോഴും മനുഷ്യന് പ്രതിബന്ധം സൃഷ്ടിക്കുന്നു. എന്നാൽ കാരണങ്ങളും തെളിവുകളും സുവ്യക്തമായിട്ടുകൂടി അക്കാര്യങ്ങളെക്കുറിച്ച് അജ്ഞത നടിക്കുക എന്നത് ബുദ്ധിയും വിവേകവുമുള്ളവർക്ക് യോജിക്കാൻ കഴിയാത്തകാര്യമാണ്. ഭയാനകമായ ഒരു അന്ത്യത്തിലേക്കും ഈ ജീവിതത്തിലും മരണശേഷവും കയ്പേറിയ അനുഭവങ്ങളിലേക്കുമാണ് അത് കൊണ്ടെത്തിക്കുക.

# ഏതൊരു വസ്തുവിനും ദൗത്യമുണ്ട്

താങ്കൾ നമ്മോടൊപ്പം വരൂ.. ഒന്ന് കണ്ണോടിച്ചു നോക്കൂ... ഈ പ്രപഞ്ചത്തിൽ ചെറുതും വലുതുമായ എത്രയെത്ര സൃഷ്ടികൾ.! വിശാലമായ ഈ ഭൂമി... അതിൽ അനേകം മരങ്ങൾ... മലകൾ... നദികൾ... മൃഗങ്ങൾ... അനന്തമായ ആകാശം... അവയിലെ നക്ഷത്രസമൂഹങ്ങൾ... ക്ഷീരപഥങ്ങൾ... സൂര്യൻ... ചന്ദ്രൻ... ഇതുപോലെ എണ്ണിക്കണക്കാക്കാൻ കഴിയാത്ത അനേകം സൃഷ്ടികൾ. നോക്കൂ... ആരാണ് ഭീമാകാരമായ, അത്ഭുത സൃഷ്ടിയായ ഈ ആകാശത്തെ പടച്ചത്? അതും വളരെ സൂക്ഷ്മമായി.!! നോക്കൂ... ഇതൊക്കെയും യാതൊരു ഉദ്ദേശ്യവും ലക്ഷ്യവുമില്ലാതെ വെറുതെ സൃഷ്ടിച്ചതാണെന്ന് താങ്കൾ കരുതുന്നുണ്ടോ.? ഒരിക്കലുമല്ല ഈ പ്രപഞ്ചത്തിലെ ഏതൊരു സൃഷ്ടിയും-അതെത്ര ചെറുതാവട്ടെ, എത്രത്തോളമെന്നാൽ മണ്ണിന്റെ ഒരു പൊടിവരെ – അതിന് പ്രധാനവും നിശ്ചയിക്കപ്പെട്ടതും പ്രത്യേകമായതുമായ ഒരു ദൗത്യമുണ്ട്. യാതൊരു വീഴ്ചയുമില്ലാതെ അത് അതിന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യകരങ്ങൾ നിർമ്മിച്ച കമ്പ്യൂട്ടർ നോക്കൂ.. അതുപോലെ വാഹനങ്ങൾ, പേന, യന്ത്രങ്ങൾ, താക്കോൽ എന്നിങ്ങനെ ഓരോ വസ്തുവും അതിന്റേതായ ധർമ്മം നിർവ്വഹിക്കുന്നു. ഇവകളെപ്പോലും സൃഷ്ടാവ് വെറുതെ സൃഷ്ടിച്ചതല്ല. നമ്മുടെ പ്രേരണയോടെയല്ലാതെ അവ ഏതെങ്കിലും തന്റെ ജോലി നിർവ്വഹിക്കുന്നുവെങ്കിൽ നാം വിചാരിക്കും, അതിന് പിശാചുബാധയാണെന്ന്. പക്ഷെ ശുദ്ധമായ അതിന്റെ പ്രകൃതി അങ്ങനെ ചെയ്യുന്നതിൽ നിന്നും അതിനെ തടയുന്നു. അപ്രകാരം തന്നെ ഈ വസ്തുക്കൾ ഏതെങ്കിലും ഒന്ന് അതിന്റെ ജോലി നിർവ്വഹിക്കുന്നതിൽ അശക്തമായാൽ നാം അതിനെ നന്നാക്കുകയോ വിൽക്കുകയോ ചെയ്യുന്നു അല്ലെങ്കിൽ ഉപേക്ഷിക്കുന്നു. കാരണം ആ വസ്തുക്കൾ സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കുക എന്നതല്ല പ്രകൃത്യാ അവക്ക് സൃഷ്ടാവ് നൽകിയിരിക്കുന്ന ദൗത്യം.

# മനുഷ്യന്റെ യഥാർത്ഥ ധർമ്മം

ദുർബലവും മനുഷ്യനിർമ്മിതവുമായ ഈ സൃഷ്ടികളെ സംബന്ധിച്ചിടത്തോളം വസ്തുത ഇതാണെങ്കിൽ ഈ ജീവിതത്തിൽ മനുഷ്യന്റെ യഥാർത്ഥ ധർമ്മം എന്താണെന്ന് ചർച്ചചെയ്യൽ തികച്ചും യുക്തമാണ്. അവനെ അല്ലാഹു ഏറ്റവും ഉത്തമമായ പ്രകൃതത്തോടെയും ഏറ്റവും ഭംഗിയുള്ള രൂപത്തോടെയും സൃഷ്ടിക്കുകയും, അവന് ബുദ്ധിയും കേൾവിയും കാഴ്ചയും നൽകുകയും, ശക്തിയും സ്വാതന്ത്ര്യവും സ്വയം തിരഞ്ഞെടുക്കാനുള്ള വിവേചനാവകാശവും നൽകുകയും ചെയ്തിരിക്കുന്നു. നിലവിലുള്ള ഈ അനുഗ്രങ്ങൾകൊണ്ട് ഈ ഭൂമുഖത്ത് തന്നെ അവനെ ആദരിച്ചിരിക്കുന്നു. നോക്കൂ... മനുഷ്യനെ കേവലം തിന്നാനും കുടിക്കാനും വേണ്ടിയാണോ സൃഷ്ടിച്ചിരിക്കുന്നത്..? അതോ വെറും വിനോദത്തിനും ആസ്വാദനത്തിനും വേണ്ടിയോ..? അതോ വികാരങ്ങൾക്കും ആനന്ദത്തിനും വേണ്ടിയാണോ..? അതല്ല കുറെ ക്ലേശിക്കുവാനും സമ്പാദിക്കുവാനും വേണ്ടിയോ.? അതോ മനഃപ്രയാസത്തിനും ദുഃഖത്തിനും വേണ്ടിമാത്രമോ...? അല്ലെങ്കിൽ പിന്നെന്തിനു വേണ്ടിയാണ്.? ഈ ജോലികളും ഉത്തരവാദിത്വങ്ങളും ക്ലേശങ്ങളും പ്രയാസങ്ങളും ആദരണീയനായമനുഷ്യന് യോജിക്കുന്നില്ല എന്ന അഭിപ്രായത്തോട് താങ്കൾ യോജിക്കുമെന്നും, ശുദ്ധമായ ചിന്തക്കും തെളിഞ്ഞ ബുദ്ധിക്കും അത് ഉൾക്കൊള്ളാൻ കഴിയില്ലെന്നും കരുതട്ടെ. എങ്കിൽ ആ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉള്ള ശരിയായ ഉത്തരമെന്താണ്..? മറ്റൊന്നുമല്ല അത് ആദം(അ)യിൽനിന്നും തുടങ്ങി നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ എന്നിവരിലൂടെ, ഒടുവിൽ മുഹമ്മദ് നബിയിൽ പൂർത്തിയായ സത്യസന്ദേശമാണ്. ആകാശഭൂമികളുടെ സൃഷ്ടാവിൽനിന്നും വിശുദ്ധവെളിപാടിലൂടെ അവതരിക്കപ്പെട്ട ദിവ്യസന്ദേശം. അത് നമ്മോട് പറയുന്നു: അല്ലാഹുതമ്പുരാൻ മനുഷ്യനെ സൃഷ്ടിച്ചത് അവനെ അനുസരിക്കുവാനും അവനെ ആരാധിക്കുവാനും അവനെ ആരാധനയിൽ ഏകനാക്കുവാനും അവ

നിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ഈ ആരാധ്യമാർ അത് മനുഷ്യനോ കല്ലോ മൃഗമോ സൂര്യനോ, തീയോ, വായുവോ, എന്തുതന്നെയായിരുന്നാലും ശരി, ആരാധിക്കപ്പെടാൻ അർഹരല്ല.

## യഥാർത്ഥ ദൈവം ആര്?

വളരെ വ്യക്തമായ ഈ യാഥാർത്ഥ്യം ബോധ്യമായതിനുശേഷവും മറ്റു സൃഷ്ടികളിൽ നിന്നും വ്യതിരിക്തമായി സൃഷ്ടാവ് ആദരിക്കുകയും മാനിക്കുകയും ബുദ്ധിയും ചിന്താശക്തിയും ഉപയോഗിച്ച് കാര്യങ്ങൾ മനസിലാക്കി വിശ്വസിക്കാൻ തക്ക കഴിവുകൾ നൽകുകയും ചെയ്ത മനുഷ്യൻ വീണ്ടും ജൽപ്പിക്കുന്നു ദൈവം ഏതൊരു മനുഷ്യനിലും അവതരിക്കുമെന്ന്..! അതോടെ ആ മനുഷ്യൻ ആരാധ്യനാവാൻ അർഹതയുള്ള ദൈവമാകുന്നുവെന്ന്..! അല്ലെങ്കിൽ മനുഷ്യനെപ്പോലെ വേദനകളും പ്രയാസങ്ങളുമുള്ള ദൈവത്തിന്റെ പുത്രനാകുന്നുവെന്ന്.. അദ്ദേഹം മനുഷ്യരുടെ മുഴുവൻ പാപങ്ങളും ഏറ്റെടുക്കുകയും വഹിക്കുകയും ചെയ്യുമെന്ന്..!

അല്ലെങ്കിൽ, ബഹു ദൈവത്വമെന്ന തത്വശാസ്ത്രമാണ് ഉത്തമമെന്ന് അവൻ ജൽപിക്കുന്നു. ഭൂമിക്ക് ഒരു ദൈവം സൂര്യന് ഒരു ദൈവം ചന്ദ്രന് ഒരു ദൈവം നക്ഷത്രങ്ങൾക്ക് ഒന്ന് മേഘങ്ങൾക്ക് മറ്റൊന്ന് പർവ്വതങ്ങൾക്ക് ഒന്ന് ഇങ്ങനെ ഓരോ സൃഷ്ടിക്കും വ്യത്യസ്ത ദൈവങ്ങൾ..!

അല്ലെങ്കിൽ, ത്രിത്വസിദ്ധാന്തത്തിൽ വിശ്വസിക്കുകയും ശേഷം യഥാർത്ഥദൈവം ഒന്നാണെന്നും അതോടൊപ്പം സൃഷ്ടിക്കപ്പെട്ട രണ്ട് ദൈവങ്ങൾകൂടി അതിൽ പങ്കുകൊള്ളുന്നുവെന്നും അവൻജൽപ്പിക്കുന്നു. അല്ലെങ്കിൽ ആത്മാവുകൾ സന്നിവേശം ചെയ്യപ്പെടുമെന്നും ഒരാൾ മരിച്ചാൽ അയാളുടെ ശരീരം നശിച്ചാലും തന്റെ കഴിഞ്ഞ ജീവിതത്തിലെ പ്രവർത്തനഫലമായി അയാളുടെ ആത്മാവിന് മറ്റൊരു ശരീരത്തിൽ കടന്നുകൂടാൻ കഴിയുമെന്നും

പുതിയൊരു ജീവിതം ആരംഭിക്കുമെന്നും അവൻ ജൽപ്പിക്കുന്നു.

അല്ലെങ്കിൽ, മനുഷ്യനെ വർണ്ണത്തിന്റെയും വർഗ്ഗത്തിന്റെയും ദേശത്തിന്റെയും അടിസ്ഥാനത്തിൽ വിഭജിക്കുന്ന മതങ്ങൾ സ്വീകരിക്കുന്നു. അവരിൽ ഒരു വിഭാഗത്തെ പടച്ചത് ദൈവത്തിന്റെ വായിൽ നിന്ന്. അവർ ഉന്നത പദവിയുള്ളവരും നേതാക്കളുമാണ്. മറ്റൊരു വിഭാഗത്തെ മുഴംകയ്യിൽനിന്നും മറ്റൊരു വിഭാഗത്തെ തുടയിൽനിന്നും മറ്റൊരു വിഭാഗത്തെ കാലുകളിൽനിന്നും സൃഷ്ടിച്ചിരിക്കുന്നുപോലും. ഇവർ അധമരും നികൃഷ്ടരും നിസ്സാരരുമത്രെ..!?

## അന്ധമായ അനുകരണത്തെ ഉപേക്ഷിക്കുക

ഭക്ഷണപാനീയങ്ങൾ വസ്ത്രധാരണരീതികൾ, വിവാഹം പോലെ സാമൂഹ്യരംഗത്തെ വ്യക്തിജീവിതത്തിൽ മാതാപിതാക്കളെ അനുകരിക്കുന്നത് അംഗീകരിക്കാനാവും. എന്നാൽ, പ്രായമേറെയായിട്ടും സത്യമോ അസത്യമോ എന്ന് ചിന്തിക്കാതെ തെളിവുകൾ അന്വേഷിക്കാതെ മറ്റുള്ളവരുടെ ബുദ്ധികൊണ്ട് മാത്രം ചിന്തിക്കുകയും മറ്റുള്ളവർ വിശ്വസിക്കുന്നത് വിശ്വസിക്കുകയും അവർപറയുന്നത് പറയുകയും ചെയ്യുന്നത് വിശേഷബുദ്ധിയുള്ള ആർക്കും സ്വീകാര്യമാവുകയില്ല. ഇത്തരം അന്ധമായ അനുകരണം വളരെ ഭയാനകമായ അനന്തരഫലമാണ് വരുത്തിവെക്കുക. ഈ ഐഹിക ജീവിതത്തിൽ മാത്രമല്ല, മറിച്ച് പാരത്രിക ജീവിതത്തിലും, അതാണല്ലോ ഏറ്റവും പ്രധാനവും വിചാരണയും പ്രതിഫലവും സ്വർഗ്ഗവും നരകവും ഉള്ളതുമായ ലോകം. തന്റെ പിതാക്കളെ കുറിച്ചുള്ള തന്റെ ഊഹം താൻ നന്നാക്കിയെന്നതുകൊണ്ടോ അവരുടെ കാൽപ്പാടുകളെ പിൻപറ്റിയെന്നുള്ള വാദം കൊണ്ടോ അന്ത്യനാളിൽ തനിക്കുവേണ്ടി ആരും ശുപാർശചെയ്യുകയില്ല. അതിനാൽ താങ്കളെ വരിഞ്ഞുമുറുക്കിയ അന്ധമായ അനുകരണത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ്, താങ്കളുടെ ബുദ്ധിയും ചിന്തയും ശാന്തമായി ഈ ചോദ്യങ്ങളെക്കുറിച്ച്

അൽപ്പം ചിന്തിക്കാൻ വിനിയോഗിച്ചാലും.

❖ ഞാൻ ഇപ്പോൾ നിലകൊള്ളുന്ന ഈ മതം, യഥാർത്ഥത്തിൽ അത് സത്യമതം തന്നെയാണോ...? അത് യഥാർത്ഥ മതമാണെന്ന് താങ്കൾകാണുന്നെങ്കിൽ, പ്രകൃതിപരമായും ബുദ്ധിപരമായും അതിനെ സ്ഥാപിക്കുന്നതെളിവുകൾ എന്താണ്.?

❖ ഈ മതം എന്റെ ജീവിതത്തെ ഉത്തമമായിചിട്ടപ്പെടുത്താൻ പര്യാപ്തമാണോ.? എന്റെ ജീവിതത്തിന് പ്രാധാന്യം നൽകുവാനും, എന്റെ അസ്തിത്വത്തിന് വിലകൽപ്പിക്കുവാനും അതിന് സാധിക്കുമോ.? അതോ ആഴ്ചയിൽ ഏതാനും മണിക്കൂറുകളോ ദിവസത്തിൽ ഏതാനും മിനിറ്റുകളോ മാത്രം തന്നെ ആരാധനയുമായി ബന്ധിപ്പിക്കുന്ന പേരിനു മാത്രമുള്ള ഒരു മതമാണോ.?

❖ അതോ പ്രത്യേകമായി ഒരു വിശ്വാസവും ഒരു മതവുമില്ലാതെ താൻ എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തനാണെന്നവാദത്തോടെ, തനിക്ക് തോന്നിയ നിഷിദ്ധവൃത്തികളൊക്കെ ചെയ്തുകൊണ്ട് ജീവിക്കുന്നത് ശരിയാവുമോ..? ഒടുവിൽ, ഈ ജീവിതത്തിന് ശേഷം എന്ത്.? മരണശേഷം എവിടേക്കാണെന്റെ യഥാർത്ഥ മടക്കം.? ഇത്തരം ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം താങ്കൾ കണ്ടെത്തേണ്ടതുണ്ട്... ഇതാ...സമയം തീരുന്നതിന് മുമ്പ്.

# ഇസ്‌ലാമിന്റെ സത്യത

ഇസ്‌ലാം മാത്രമാണ് യഥാർത്ഥ മതമെന്നും അതല്ലാതെ യാതൊന്നും അല്ലാഹു സ്വീകരിക്കുകയില്ലെന്നും ബുദ്ധിപരവും സൈദ്ധാന്തികവുമായ തെളിവുകൾ നമുക്ക് സ്ഥാപിച്ചു തരുന്നു. കാരണം അത് മാത്രമാണ് ഏകദൈവസിദ്ധാന്തത്തിന്റെ മതം. ആദം(അ)യിൽ തുടങ്ങി നൂഹ്, ഇബ്റാഹിം, മൂസാ, ഈസാ എന്നിവരിലൂടെ കടന്ന് വന്ന് ഒടുവിൽ മുഹമ്മദ് നബി(സ)യിലൂടെ പൂർത്തിയായ മുഴുവൻ പ്രവാചകരുടെയും ദൂതൻമാരുടെയും മതം. വളരെ

വ്യക്തമായി വായിക്കുകയും പഠിക്കുകയും ചിന്തിക്കുകയും സ്വയം തൃപ്തിപ്പെടുകയും ചെയ്തിട്ടല്ലാതെ താങ്കൾ ഇത് സ്വീകരിക്കേണ്ടതില്ല. തന്റെ പിതാക്കളുടെ മാർഗ്ഗത്തോട് അന്ധമായ അനുകരണമില്ലാതെയും പ്രത്യേക പക്ഷപാതിത്വമില്ലാതെയും വിഷയബോധത്തോടെയും അത് വായിക്കുവാനും ചിന്തിക്കുവാനും തയ്യാറാവുന്ന ഭൂമുഖത്തെ ഏതൊരു മനുഷ്യനും ഈ മതം രൂപത്തിലും ഘടനയിലും വിശ്വാസത്തിലും കർമ്മങ്ങളിലും അതുല്യമാണെന്നും അന്ത്യനാൾവരേക്കുമുള്ള മുഴുവൻ മനുഷ്യർക്കും വേണ്ടി അല്ലാഹു തെരഞ്ഞെടുത്തതാണെന്നും ഹൃദയവും ബുദ്ധിയും സ്വീകരിക്കുന്ന സത്യമതം ഇത് മാത്രമാണെന്നും ജീവിത വ്യവസ്ഥകളിലും ആത്മാവിന്റെ പ്രകൃതിയുമായും പൊരുത്തപ്പെടുന്ന ദർശനം ഇത് മാത്രമാണെന്നും ഉള്ള കാഴ്ചപ്പാടിൽ എത്തിച്ചേരുമെന്നതിൽ യാതൊരു സംശയവുമില്ല.

## ഇസ്ലാമിന്റെ ആവശ്യകത

അല്ലാഹു അവതരിപ്പിച്ച സത്യ മതമാണ് ഇസ്ലാം. അത് മനുഷ്യന്റെ സൃഷ്ടിയല്ല. ഇസ്ലാമിക വിശ്വാസത്തിന്റെ പ്രത്യേകതകൾ നോക്കൂ. ഭൂമുഖത്തെ ഓരോ മനുഷ്യരും അതിനെ കാംക്ഷിക്കുന്നു. അതിന് പ്രത്യേകമായ ചില കാരണങ്ങളുമുണ്ട്.

ഒന്ന്: വിശുദ്ധിയിലും തെളിമയിലും പൂർണ്ണമായും പ്രകൃതിയോട് ഇണങ്ങുന്ന വിശ്വാസം ഇത് മാത്രമാണ്. മറ്റു മതങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും കാലാന്തരത്തിൽ കടന്നുകൂടിയ തിരുത്തലുകളും ഏറ്റക്കുറച്ചിലുകളും ഈ മതത്തിൽ സംഭവിച്ചിട്ടില്ല.

രണ്ട്: പ്രത്യയശാസ്ത്രങ്ങൾക്കും മനുഷ്യനും ഉള്ള അടിമത്വത്തിൽ നിന്ന് മനുഷ്യന് മോചനം നൽകുന്ന വിശ്വാസമാണിത്. ഇതിൽ വിഗ്രഹാരാധനയില്ല. താഴ്മയും കീഴ്വണക്കവും അല്ലാഹുവിനുമാത്രം. അവനെയല്ലാതെ ഭയപ്പെടേണ്ടതില്ല. അവനിലേക്കല്ലാതെ അഭയവും മടക്കവുമില്ല.

മൂന്ന്: യഥാർത്ഥദൈവത്തെ (അഥവാ അല്ലാഹുവെ)ക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും അവയുടെ പരസ്പര ബന്ധത്തെക്കുറിച്ചും വ്യക്തമായ ഒരു ചിത്രം ഈ വിശ്വാസം ഉൾക്കൊള്ളുന്നു.

നാല്: മനുഷ്യജീവിതത്തിന് അർത്ഥവും ചൈതന്യവും നൽകുന്ന വിശ്വാസമാണിത്. അങ്ങനെ ജീവിതം മംഗളവും സൗഭാഗ്യപൂർണ്ണ വുമായി ഭവിക്കുന്നു. കാരണം അത് ജീവിതത്തെ ലക്ഷ്യബോധ ത്തോടെ നയിക്കുകയും ഒരിക്കലും അവസാനിക്കാത്ത വിധം നവീ കരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ നിഖില മേഖലകളിലും നിർമ്മാണാത്മകമായ ഈ പ്രതീക്ഷയാണ് മനു ഷ്യനെ നയിച്ചുകൊണ്ടിരിക്കുന്നത്. ബാധ്യതകൾ നിറവേറ്റുകമാത്ര മല്ല, മറിച്ച് ബാധ്യതകൾ നിറവേറ്റുന്നതോടൊപ്പം ദൈവത്തെ ഭയ പ്പെടുകയും ഭക്തിയുൾക്കൊള്ളുകയും അവനിൽ നിന്നും പ്രതിഫ ലവും കൂലിയും തേടുകയും കൂടി ചെയ്യുകയാണ്.

അഞ്ച്: ഇസ്‌ലാമിന്റെയും വിശ്വാസ സഹോദര്യത്തിന്റെയും പേരിൽ മനുഷ്യരെ തമ്മതമ്മിൽ കൂട്ടിയിണക്കുന്നു. വർഗ്ഗത്തി ന്റെയോ വർണ്ണത്തിന്റെയോ ദേശത്തിന്റെയോ ഭാഷയുടെയോ സമ്പത്തിന്റെയോ പേരിലല്ല. ഇസ്‌ലാമിക സാഹോദര്യം അവരെ പര സ്പരം ഇണക്കമുള്ളവരും സ്നേഹിതരുമാക്കുന്നു. അവർക്കിടയിൽ നിന്നും വെറുപ്പും വിദ്വേഷവും നീക്കിക്കളയുന്നു. പരസ്പരം ഭിന്നി ച്ചുകഴിയുന്ന മനുഷ്യനക്കളെ ഒറ്റ സമുദായമാക്കാൻ ഈ വിശ്വാസ ത്തിന് മാത്രമേ സാധിച്ചിട്ടുള്ളൂ.

ആറ്: അതുപോലെ, നിർഭയത്വവും മനഃശാന്തിയും സമാധാനവും വ്യാപിപ്പിക്കുന്ന ഒരു വിശ്വാസമാണിത്. അതിനാൽ തന്നെ മനുഷ്യന് യാതൊരു അസ്വസ്ഥതയും ഉണ്ടാവുകയോ, മുസ്ലിം സമൂഹത്തി ലെ അംഗങ്ങളോട് ഭിന്നിതയുണ്ടാവുകയോ ഇല്ല. കാരണം എല്ലാ വരും അല്ലാഹുവിനുമാത്രമാണ് കീഴ്‌വണങ്ങുന്നത്. അതിനാൽ ആരും മറ്റൊരാളെ ഭയപ്പെടുന്നില്ല. അല്ലാഹുതന്നുരാനെയല്ലാതെ

അവർ ഭയക്കുന്നില്ല. കാരണം ഉപകാരമോ ഉപദ്രവമോ ചെയ്യാൻ അവനല്ലാതെ കഴിയില്ല. അവന്റെ അനുമതിയോടെയല്ലാതെ ആരെയെങ്കിലും നല്ല വിപത്തും ബാധിപ്പിക്കാൻ ആർക്കും സാധ്യമല്ല.

ഏഴ്: അല്ലാഹുവിന് മാത്രം ആരാധനകളർപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യവംശത്തെ ഒന്നാക്കുവാൻ ഈ വിശ്വാസത്തിനു സാധിക്കുന്നു. തന്റെ സ്വഭാവങ്ങളും കർമങ്ങളും അതിന്റെ അടിസ്ഥാനത്തിൽ ഏകീകരിക്കുന്നു. അതിനുശേഷം, കർമങ്ങളിലോ സ്വഭാവങ്ങളിലോ ശ്രേഷ്ടതകളിലോ കുലമഹിമകൊണ്ട് ഒരാൾക്കുമേൽ മറ്റൊരാൾ മേൽക്കോയ്മ നേടുകയില്ല.

എട്ട്: ഈ വിശ്വാസം സന്നിഗ്ധഘട്ടങ്ങളിൽ വിശ്വാസിക്ക് ധൈര്യം നൽകുന്നു. അതിനാൽ പ്രതിസന്ധിയിൽ വെപ്രാളവും നിരാശയുമില്ലാതെ ക്ഷമയോടെ മോചനത്തിനും ആശ്വാസത്തിനുമായി അവൻ പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹു തനിക്ക് കണക്കാക്കിയ വിധിയിൽ അവൻ സ്വയം തൃപ്തിപ്പെടുകയും വിഷമത്തിൽ ആത്മസംയമനം പാലിക്കുകയും പ്രയാസരംഗങ്ങളിൽ സ്ഥൈര്യത്തോടെയും ശക്തിയോടെയും മനക്കരുത്തോടെയും പിടിച്ചുനിൽക്കുകയും ചെയ്യുന്നു.

## ഇസ്‌ലാമും പരലോകവിശ്വാസവും

അല്ലാഹുവിലുള്ള വിശ്വാസം കഴിഞ്ഞാൽ ഇസ്‌ലാം നിലകൊള്ളുന്ന അടിസ്ഥാന വിശ്വാസങ്ങളിൽ പ്രധാനമായതാണ് പരലോകവിശ്വാസം. അതായത് മുഴുവൻ സൃഷ്ടികളെയും അവരുടെ മരണശേഷം ഖബറുകളിൽ നിന്ന് പുനർജ്ജീവിപ്പിക്കും. നൻമയും തിൻമയുമായ ചെറുതും വലുതുമായ അവരുടെ മുഴുവൻ കർമ്മങ്ങളെക്കുറിച്ചും വിചാരണചെയ്യും. അല്ലാഹുവിൽ വിശ്വസിക്കുകയും അവനെമാത്രം ആരാധിക്കുകയും അവന്റെ ദൂതൻ മുഹമ്മദ് (സ)യെ അനുസരിക്കുകയും ചെയ്ത എല്ലാവർക്കും സ്വർഗ്ഗവും അവനിൽ

അവിശ്വസിക്കുകയും അവന്റെ ദൂതനോട്ധിക്കാരം പ്രവർത്തിക്കുകയും ചെയ്തവർക്കൊക്കെയും നരകവും പ്രതിഫലമായി നൽകുമെന്നുള്ള വിശ്വാസം. ഇതാണ് ഇസ്ലാമിലെ പരലോക വിശ്വാസത്തിന്റെ ചുരുക്കം. എന്നാൽ പരലോകത്തെക്കുറിച്ചും സ്വർഗ്ഗനരകങ്ങളെക്കുറിച്ചും ചിലമതങ്ങൾക്കും ചിലപ്രത്യയ ശാസ്ത്രങ്ങൾക്കും ഉള്ള കാഴ്ചപ്പാട് എന്താണെന്ന് നോക്കൂ... സ്വീകാര്യമായ ഒരു കാഴ്ചപ്പാടോ ബുദ്ധിക്ക് ഉൾക്കൊള്ളാവുന്ന ഒരു രൂപമോ അവർക്ക് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

അവരിൽ ചിലർ പറയുന്നു. മനുഷ്യൻ മരിച്ചാൽ മരണത്തോടെ എല്ലാം അവസാനിച്ചു. വിചാരണയോ ശിക്ഷയോ സ്വർഗ്ഗമോ നരകമോ ഇല്ല. മറ്റുചിലരുടെ അടുക്കൽ പരലോകം വെറും ഊഹവും അന്ധവിശ്വാസങ്ങളും മാത്രമാണ്. തങ്ങളുടെ അനുയായികളെ തങ്ങളുടെ അനുസരണത്തിൽ കീഴിൽ നിറുത്തുവാൻ വേണ്ടി അവർ അവരെ വഞ്ചിക്കുക മാത്രമാണ് ചെയ്യുന്നത്.

മറ്റു ചിലർ കരുതുന്നത് പരലോകം ആത്മാവുകൾക്ക് മാത്രമുള്ളതാണെന്നും ശരീരം പുനർജ്ജീവിക്കപ്പെടുകയില്ലെന്നുമാണ്. അത് നശിക്കുകയും അവസാനിക്കുകയും ചെയ്തിരിക്കുന്നുവെന്നാണ് അവരുടെ ജൽപ്പനം. അവരുടെ വീക്ഷണത്തിൽ സ്വർഗ്ഗവും നരകവും കേവലം ആലങ്കാരിക പ്രയോഗം മാത്രമാണ്. യാഥാർത്ഥ്യമല്ല. നൻമയിലേക്ക് പ്രേരിപ്പിക്കുവാൻ സ്വർഗ്ഗത്തെയും നരകത്തെയും പ്രയോഗിക്കുകമാത്രമാണെന്ന് അവർകരുതുന്നു.

മറ്റു ചിലർ പറയുന്നു. പരലോകത്ത് സ്വർഗ്ഗമുണ്ട്. പക്ഷെ അവരും അവരെ പിൻപറ്റിയവരും മാത്രമാണ് സ്വർഗ്ഗാവകാശികൾ. അവരുടെ ദൈവത്തെ ആരാധിക്കുന്നതിലൂടെയും അവരുടെ പ്രത്യേകമായ മാർഗ്ഗത്തിലൂടെയുമല്ലാതെ അതാർക്കും തന്നെ കരസ്ഥമാവുകയില്ല. അവരുടെ ദൈവം കല്ലാണെങ്കിലും മനുഷ്യനാണെങ്കിലും ശരി.!!

മറ്റു ചിലർ പ്രതിഫല വേദി എന്ന ആശയത്തെ തത്വത്തിൽ അംഗീകരിക്കുന്നു. പ്രപഞ്ചം ദൈവികവും നീതിയിലധിഷ്ഠിതവു

മാണെന്നും അതിൽ മാറ്റമില്ലെന്നും അവർ പറയുന്നു. എന്നാൽ ആ പ്രതിഫലവേദി ഈ ജീവിതത്തിൽ തന്നെയോ അതോ അടുത്ത ജീവിതത്തിലോ എന്ന് അവർക്കറിഞ്ഞുകൂടാ. ഏതടിസ്ഥാനത്തിലാണ് ഈ നീതി നിലകൊള്ളുന്നതെന്നും മതിയായ പ്രതിഫലത്തിന്റെയും ശിക്ഷയുടെയും രൂപമെന്താണെന്നും അവർക്ക് തിട്ടമില്ല.

വേറെ ചിലരുടെ കാഴ്ചപ്പാട് ഇപ്രകാരമാണ്. ദൈവത്തെ ആരാധിക്കുന്നതിനും നമസ്കാരത്തിനും നോമ്പിനുമൊക്കെവേണ്ടി എന്തിന് ക്ലേശം സഹിക്കണം. നിന്റെ പക്കലുള്ള ധനം കൊണ്ട് നിനക്ക് പാപമോചനം വിലക്കുവാങ്ങുകയും കഴിഞ്ഞുപോയതും വരാനുള്ളതുമായ നിന്റെ മുഴുവൻ പാപങ്ങളും നിനക്ക് പൊറുപ്പിക്കുകയും ചെയ്യാമല്ലോ... നീ ചിലവഴിക്കുന്ന ധനത്തിന്റെ തോതനുസരിച്ച് സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം നിനക്ക് ലഭിക്കുകയും ചെയ്യുമല്ലോ എന്ന്.

പരലോക വിശ്വാസത്തെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളുടെയും അഭിപ്രായങ്ങളുടെയും ഏതാനും ഉദാഹരണങ്ങളാണിത്. തെളിഞ്ഞ ബുദ്ധിയുള്ള ആർക്കെങ്കിലും ഇത്തരം വീക്ഷണങ്ങളെ സ്വീകരിക്കാനാവുമോ...? ഒരിക്കലും സാധ്യമല്ല. തീർച്ച. കാരണം ആകാശ ഭൂമികൾ നിലകൊള്ളുന്ന ആ നീതിയുടെ അടിസ്ഥാനത്തിന് തന്നെ അത് എതിരാണ്. ഈ ഐഹിക ജീവിതത്തിൽ വ്യത്യസ്ത രീതിയിൽ ജീവിച്ച മനുഷ്യരുടെ മരണത്തിനു ശേഷം 'അവരുടെ അവസാനം സമമായിരിക്കുമെന്നത് ശരിയാവുമോ...? അല്ലാഹുവിനെ അനുസരിക്കുകയും നിർബന്ധബാധ്യതകൾ നിറവേറ്റി ആരാധനകൾ നടത്തുകയും കുറ്റകൃത്യങ്ങളിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്ത ഒരു മനുഷ്യനും, അവിശ്വാസിയും നീചകൃത്യങ്ങളും അനാവശ്യങ്ങളും ചെയ്തുകൊണ്ടിരുന്നവനുമായ ഒരു മനുഷ്യനും സമമാവുമോ..? അക്രമിയും ധിക്കാരിയും അതിക്രമകാരിയുമായ ഒരാളും അക്രമിക്കപ്പെട്ടവനും നിരാലംബനും അടിച്ചമർത്തപ്പെട്ടവനുമായ ഒരു വ്യക്തിയും സമമാവുമോ..? അതു പോലെ ധനി

കനും പിശുക്കനും അഹങ്കാരിയുമായ ഒരു വ്യക്തിയും, ദരിദ്രനും അഗതിയും തടയപ്പെട്ടവനുമായ ഒരു വ്യക്തിയും സമമാവുമോ...? ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്ന ജനങ്ങളുടെ വ്യത്യസ്ത അവസ്ഥകൾ... ഇതെല്ലാം തുല്യമാണോ..? ഒരു വിദ്യാലയത്തിലെ വിദ്യാർത്ഥികൾ, അവരിൽ കുറേപേർ പരിശ്രമശാലികളും കുറേപേർ അലസൻമാരും ആണെന്നിരിക്കെ അവരുടെ വാർഷികപ്പരീക്ഷയിൽ എല്ലാവർക്കും ഒരേ രൂപത്തിൽ സ്ഥാനം നൽകുക എന്നതിനോട് ഞാനും താങ്കളും ബുദ്ധിയുള്ള ആരും തന്നെ യോജിക്കുകയില്ല എന്നപോലെ, ഇവരുടെ എല്ലാം അവസാനം ഒരേ രൂപത്തിൽ ആവുക എന്നത് ഒരിക്കലും ശരിയല്ല... തീർച്ച.

## ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമിടയിലെ ഒരു വിഭാഗം

ഇന്ന് ചില മുസ്‌ലിംകളിൽ കണ്ടു വരുന്ന ചില ദുസ്വഭാവങ്ങൾ (അക്രമം, കളവ്, വഞ്ചന, ചതി, പോലെയുള്ള ദുഷ്യങ്ങൾ) ഒരിക്കലും ഇസ്‌ലാം സ്വീകരിക്കുന്നതിനുള്ള തീരുമാനത്തിൽ നിന്ന് താങ്കളെ പിന്തിരിപ്പിക്കാതിരിക്കട്ടെ. ഇത്തരം ദുസ്വഭാവങ്ങൾ ഇസ്‌ലാമും അതിന്റെ യഥാർത്ഥ വക്താക്കളും ഒരിക്കലും ഇഷ്ടപ്പെടുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. പരിപൂർണ്ണവും മഹത്വമേറിയതുമായി അല്ലാഹു അവതരിപ്പിച്ച ഇസ്‌ലാമെന്ന മതത്തിനും, തെറ്റുകളും അബദ്ധങ്ങളും സംഭവിക്കാൻ ഇടയുള്ള മനുഷ്യനെന്ന മുസ്ലിമിനും ഇടയിൽ തീർച്ചയായും നാം വ്യത്യാസം കാണേണ്ടതുണ്ട്. അല്ലാഹും റസൂലും പറഞ്ഞതുപോലെ എപ്പോഴൊക്കെ അവർ ഇസ് ലാമിന്റെ അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തിയിട്ടുണ്ടോ അപ്പോഴൊക്കെ അവർ യഥാർത്ഥ മുസ്‌ലിംകൾ തന്നെയാണ്. എന്നാൽ അതിൽ നിന്നും അവർ പിന്തിനിൽക്കുമ്പോഴെല്ലാം മുസ്‌ലിംകൾ എന്ന പേരിന് അവർ അർഹരല്ലാതായിത്തീരുന്നു, അവരുടെ അനുസരണത്തിന്റെ തോതനുസരിച്ചല്ലാതെ. ഈ മതത്തെ അല്ലാഹുഅവതരിപ്പിച്ച അതേപടി താങ്കൾക്ക് മനസിലാക്കണമെങ്കിൽ അത്

അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ നിന്നും അതിന്റെ വിശദീകരണങ്ങളിൽ നിന്നും അതുപോലെ അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ്(സ)യുടെ വചനങ്ങളിൽ നിന്നും താങ്കൾ മനസ്സിലാക്കുക. അതുപോലെ ഇസ്‌ലാമിന്റെ നിയമ നിർദ്ദേശങ്ങളെയും ഉത്തമഗുണങ്ങളെയും ജീവിതത്തിൽ പകർത്തുന്നതിൽ അങ്ങേയറ്റം ആർത്തികാണിച്ച മുസ്‌ലിം മഹത്തുക്കളുടെ ജീവിതചര്യയിൽ നിന്നും, ആത്മാർത്ഥയുള്ള അത്തരം മഹാൻമാരുടെ ഗ്രന്ഥങ്ങളിൽ നിന്നും താങ്കൾ ഇസ്‌ലാമിനെ പഠിക്കുക. താങ്കൾ സത്യമതത്തെ അന്വേഷിക്കുവാൻ തയ്യാറാണെങ്കിൽ താങ്കൾ ഇസ്‌ലാമിനെ സ്വയം തൃപ്തിപ്പെടുക തന്നെചെയ്യും താങ്കളുടെ രക്ഷിതാവിന് സാഷ്ടാംഗം പ്രണമിച്ച് കൊണ്ട് വീഴുക തന്നെചെയ്യും... തീർച്ച.

# വിശ്വാസത്തിന്റെ വഴിയിൽ പ്രശ്നങ്ങൾ തടസ്സമാവരുത്

താങ്കൾ ഇസ്‌ലാമിന്റെ വഴിയിൽ പ്രവേശിക്കുമ്പോൾ ഒരു പക്ഷെ സ്വാഭാവികമായും ചില പ്രയാസങ്ങൾ അഭിമുഖീകരിച്ചേക്കാം. മാതാപിതാക്കൾ, ഭാര്യ, മക്കൾ, എന്നിവർ അകന്നേക്കാം, അല്ലെങ്കിൽ ഉദ്യോഗമോ ജോലിയോ നഷ്ടപ്പെട്ടേക്കാം. സമൂഹവും സ്നേഹിതരും വെറുത്തേക്കാം. എന്നാൽ ഇതൊന്നും ഇസ്‌ലാം സ്വീകരിക്കുന്നതിൽ നിന്ന് താങ്കളെ തടയാതിരിക്കട്ടെ. പിശാചും അവന്റെ കൂട്ടാളികളും താങ്കളിൽ ഏൽപ്പിക്കുന്ന ഉപദ്രവങ്ങൾ ഐഹികവും പാരത്രികവുമായ സൗഭാഗ്യം കരസ്ഥമാക്കുന്നതിൽ നിന്നും താങ്കളെ പിന്തിരിപ്പിക്കാതിരിക്കട്ടെ. എല്ലാ വിഷമങ്ങളിൽ നിന്നും തനിക്ക് രക്ഷ നൽകുവാനും തന്നെ സഹായിക്കുവാനും അല്ലാഹു ഉണ്ട് എന്ന ഉറച്ച വിശ്വാസത്തോടെ അവനിൽ എല്ലാം ഭരമേൽപിച്ചുകൊണ്ട് ധീരനും ശക്തനുമായി നിലകൊള്ളുക. ഏറ്റവും ഉത്തമമായ മാർഗ്ഗത്തിലേക്കാണ് താങ്കൾ പ്രവേശിക്കേണ്ടത്. സത്യ

ത്തിന്റെ മാർഗ്ഗമാണ് പിൻപറ്റാൻ ഏറ്റവും അർഹമായത്. ഭൂമുഖത്തെ മറ്റേതൊരു വ്യക്തിയെക്കാളും താങ്കൾക്ക് വിലപ്പെട്ടതും അതാണ്. അന്ത്യനാളിൽ ഒരാളും താങ്കളുടെ പാപഭാരം വഹിക്കാൻ തയ്യാറാവുകയില്ല. അവർ എത്ര അടുപ്പമുള്ളവരാണെങ്കിലും ശരി.

## ഇസ്‌ലാമിലെ ആരാധനയുടെ എളുപ്പം

താങ്കൾ അനിവാര്യമായും ഗ്രഹിക്കേണ്ട ഒരു കാര്യം, താങ്കളുടെ ശത്രുവായ പിശാചും തിൻമകൾക്ക് പ്രേരിപ്പിക്കുന്ന മനസ്സും തോന്നിപ്പിക്കുന്നതുപോലെ ഇസ്‌ലാമിലെ ആരാധനകൾ പ്രയാസകരമല്ല. മറിച്ച് ഇസ്‌ലാം ആഗ്രഹിക്കുന്ന ആർക്കും ഇത് എളുപ്പമുള്ളതാണ്. ഇത് വിട്ടുവീഴ്ചയുടെ വിശ്വാസ സംഹിതയാണ്. ബഹുദൈവത്വത്തിൽ നിന്നും പൂർണ്ണമായും മോചിതമായ ഏക സിദ്ധാന്തമാണ്. ആരാധകൾ വളരെ തുച്ഛവും എളുപ്പവുമാണ്. ഇത് ഉന്നതവും ഉത്തമവുമായ സംസ്കാരമാണ്. ലാഇലാഹഇല്ലല്ലാഹു (അല്ലാഹുഅല്ലാതെ ആരാധനകൾക്ക് അർഹനായി ആരുമില്ല) മുഹമ്മദ് റസൂലുല്ലാഹി ( മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണ്) എന്ന സാക്ഷ്യ വാക്യങ്ങൾക്ക് ശേഷം ഇസ്‌ലാമിന്റെ സുപ്രധാനമായ സ്തംഭമാണ് നമസ്കാരം. ഒരു ദിവസത്തെ രാപ്പകലുകളിലായി അഞ്ച് നേരത്തെ നമസ്കാരമാണുള്ളത്. എന്നാൽ വ്രതം വർഷത്തിൽ ഒരു മാസം മാത്രമേയുള്ളൂ. സക്കാത്ത് എല്ലാവർക്കും ബാധ്യതയില്ല, മറിച്ച് ഒരു നിശ്ചിത പരിധി ധനമുള്ളവന് അതിന്റെ നിബന്ധനകൾ പൂർണ്ണമായവർക്ക് മാത്രമേയുള്ളൂ. ഹജ്ജാവട്ടെ ജീവിതത്തിൽ ഒരു പ്രാവശ്യം മാത്രമാണ് ബാധ്യതയുള്ളത്. അതു ശാരീരികവും സാമ്പത്തികവുമായ ശേഷിയുള്ളവർക്ക് മാത്രം. ഇവകളെയും മുസ്‌ലിമിന് നിർബന്ധമായ ഈമാനിന്റെ സ്തംഭങ്ങളെയും ബാധ്യതകളെയുമൊക്കെ സരളവും ലളിതവുമായി താങ്കൾക്ക് കാണാം.

# പ്രയോജനം അല്ലാഹുവിനല്ല

താങ്കൾ മനസ്സിലാക്കുക. അല്ലാഹു നമ്മുടെ ആരാധനകളെ തൊട്ടും അനുസരണത്തെത്തൊട്ടും ധന്യനാണ്. ചില അഹങ്കാരികൾ കരുതുന്നത് പോലെ അനുസരിക്കുന്നവരുടെ അനുസരണം കൊണ്ട് അവന് പ്രയോജനമോ ധിക്കാരികളുടെ ധിക്കാരം കൊണ്ട് അവന് ദോഷമോ വരാനില്ല. മറിച്ച് അനുസരണം കൊണ്ട് പ്രയോജനം ഈ മനുഷ്യന് തന്നെയാണ്. ഒരു പക്ഷെ ഐഹീക ജീവിതത്തിൽ അനുഭവപ്പെടുന്ന മാനസീക ശാന്തിയും ആത്മീയ ഭാഗ്യവുമായിരിക്കാം അത്. അല്ലെങ്കിൽ അജ്ഞാതമായ ഭാവിയെക്കുറിച്ചോ മരണത്തെക്കുറിച്ചോ ഭയമില്ലാതെ ജീവിതവ്യവഹാരങ്ങളിലും ഭക്ഷണസമ്പാദനത്തിലുമുള്ള നിർഭയത്വമായിരിക്കാം അത്. അല്ലെങ്കിൽ സമ്പത്തിലും സന്താനങ്ങളിലും അനുഗ്രഹം ഉണ്ടാവലായിരിക്കാം. ഇതുപോലെയുള്ള പലതും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നതിലൂടെ മനുഷ്യന് ഇവിടെ വെച്ചുതന്നെ ലഭിക്കും. എന്നാൽ ഏറ്റവും വലിയ പ്രയോജനം, അത് പരലോകത്തിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കലും നരകത്തിൽ നിന്നുള്ള മോചനം ലഭിക്കലുമാണ്. ഇതിനേക്കാൾ വലിയ ഒരു സൗഭാഗ്യവും അനുഗ്രഹവും വേറെ ലഭിക്കാനില്ല തന്നെ. താങ്കൾക്കറിയുമോ, അല്ലാഹു വിശ്വാസികൾക്കുവേണ്ടി സ്വർഗ്ഗത്തിൽ തയ്യാർചെയ്തിരിക്കുന്നതെന്താണെന്ന്.? ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതുമായ അനുഗ്രഹങ്ങൾ !! സത്യനിഷേധികൾക്ക് വേണ്ടി പരലോകത്ത് തയ്യാർ ചെയ്തിരിക്കുന്ന ശിക്ഷ എന്താണെന്ന് താങ്കൾക്കറിയുമോ.? ഇഹലോകത്തെ തീയിനെക്കാൾ എഴുപത് മടങ്ങ് ചൂടുള്ള നരകാഗ്നിയാണത്. അതിനെക്കാൾ വലിയ ഒരു ശിക്ഷ ലഭിക്കാനില്ല തന്നെ. നരകാഗ്നിയെത്തൊട്ട് അല്ലാഹുവിൽ ശരണം. ആ സ്വർഗ്ഗവും ഈ നരകവും താങ്കളെ അശ്രദ്ധയിൽ നിന്നും മോചിപ്പിച്ചെങ്കിൽ. താങ്കളുടെ ലാഭവും നഷ്ടവും പരിശോധിക്കുവാനുള്ള ഒരു ഹേതുവാക്കിയെങ്കിൽ... അങ്ങനെ ഉണ്ടാവട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു.

# അവസാനമായി

ഈ ഐഹിക ലോകത്ത് താങ്കൾ ദീർഘകാലം ജീവിക്കും എന്ന് വെക്കുക. താങ്കൾക്ക് എത്രകാലം ജീവിക്കാൻ കഴിയും..? ഒരു പക്ഷെ എൺപത് വയസ്, അല്ലെങ്കിൽ നൂറ്.. കൂടിയെന്നും കുറഞ്ഞെന്നും വരാം. എന്നാൽ തന്നെയും താങ്കളുടെ പ്രയാണം മരണത്തിലേക്കല്ലെ..? ശേഷം താങ്കൾ താങ്കളുടെ രക്ഷിതാവുമായി കണ്ടുമുട്ടുകയും ഇവിടത്തെ ജീവിതത്തിൽ താങ്കൾ ചെയ്ത ഓരോന്നിനെക്കുറിച്ചും അതി സൂക്ഷ്മമായി വിചാരണ ചെയ്യുകയും ചെയ്യും. അനുഗ്രഹങ്ങളുടെയും ശാശ്വതത്വത്തിന്റെയും ഭവനമായ സ്വർഗ്ഗത്തിനു പകരമായി ഇഹലോകത്തെ നിസ്സാരമായ ചുരുങ്ങിയ ജീവിതം വാങ്ങുക എന്നത് ബുദ്ധിക്ക് ഉൾക്കൊള്ളാനാവുമോ..? മരണാനന്തരം അഭിമുഖീകരിക്കുന്ന സ്വർഗ്ഗവും നരകവുമെന്ന യാഥാർത്ഥ്യത്തെ അവഗണിച്ച് കേവലം ആഗ്രഹങ്ങളെയും സുഖത്തെയും വാരിപ്പുണരുക എന്നത് ചിന്തിക്കാനാവുന്നില്ല. താങ്കൾ ആ വഴിക്കാണ് നീങ്ങുന്നതെങ്കിൽ, ഉറപ്പായും ഞാൻ വിശ്വസിക്കുന്നു. അത് അജ്ഞതയുടെയും അവിവേകത്തിന്റെയും പാതയാണ്. അതിനാൽ, സഹോദരാ.. താങ്കൾക്ക് ഇനിയും അവസരം ഉണ്ട്. അവശേഷിക്കുന്ന ആയുസ്സിനെ പ്രയോജനപ്പെടുത്താൻ ഉണരുക. സത്യമതത്തിലേക്ക് മടങ്ങിവരുക. അത് ഇസ്‌ലാം മാത്രമാണ്. താങ്കളുടെ ഹൃദയം ഇസ്‌ലാമിലേക്ക് തുറക്കട്ടെ എന്നും താങ്കളുടെ മനസ്സിൽ സത്യവിശ്വാസം വ്യാപിക്കട്ടെ എന്നും ഈ വാക്കുകൾ ശാന്തമായ ചിന്തക്കും ശുദ്ധമായ വീക്ഷണത്തിനും കാരണമാവട്ടെ എന്നും ഞാൻ പ്രാത്യാശിക്കുന്നു. താങ്കളുടെ ആഗമനത്തെ പരസ്യപ്പെടുത്താൻ ഞങ്ങൾ കാത്തിരിക്കുന്നു. സഹോദരാ... ഈ വിശുദ്ധമതത്തിലേക്ക് താങ്കൾക്ക് സ്വാഗതം.

# قائمة بأسماء وعناوين بعض المكاتب التعاونية لتوعية الجاليات بالمملكة

| م | المكتب | الهاتف | الفاكس | العنوان |
|---|---|---|---|---|
| ١ | شعبة الجاليات (بالوزارة) | ٠١-٤٠١١٩٣٢ | ٠١-٤٠١١٨٩٣ | الرمز ١١١٢١ |
| ٢ | مكتب الجاليات بالروضة | ٠١-٤٩٢٢٤٣٣ | ٠١-٤٩٧٠٥٦١ | الرياض ١١٦٤٢ ص.ب ٨٧٢٩٩ |
| ٣ | مكتب العليا بالرياض | ٠١-٤٠٣٠١٤٢ | ٠١-٤٠٥٩٣٨٧ | الرياض ١١٤٦٣ ص.ب ٢٠٨٢٤ |
| ٤ | مكتب البديعة بالرياض | ٠١-٤٣٣٠٤٧٠ | ٠١-٤٣٠٠١٢٢ | الرياض ١١٤٥٣ ص.ب ٢٤٩٣٢ |
| ٥ | مكتب الربوة بالرياض | ٠١-٤٩٧٠١٣٦ | ٠١-٤٩٧٠١٣٦ | الرياض ١١٤٥٩ ص.ب ٢٩٤٦٥ |
| ٦ | مكتب الجاليات بالخرج | ٠١-٥٤٤٠٦٦٢ | ٠١-٥٤٤٠٩٨٣ | الخرج ١١٩٤٢ ص.ب ١٦٨ |
| ٧ | مكتب الجاليات بشقراء | ٠١-٦٢٢٢٠٦١ | ٠١-٦٢٢٢٧١١ | شقراء ١١٩٦١ ص.ب ١٥٢ |
| ٨ | مكتب الجاليات بمكة المكرمة | ٠٢-٥٧٤٤٩٦٦ | ٠٢-٥٤٢٩٢٨٧ | مكة المكرمة شارع الستين |
| ٩ | مكتب جاليات حي السلامة بجدة | ٠٢-٦٨٢٩٨٩٨ | ٠٢-٦٦٢٢٦٩٣ | جدة ٢١٤٥٢ ص.ب ٦٨٢٧ |
| ١٠ | مكتب الجاليات بالطائف | ٠٢-٧٣٦١٨٤٤ | ٠٢-٧٣٦٠٨٤٤ | الطائف ٨١٤ |
| ١١ | مكتب الجاليات بالدمام | ٠٣-٨٢٧٢٧٧٢ | ٠٣-٨٢٧٤٧٠٠ | الدمام ٣٠٠٣١ |
| ١٢ | مكتب الجاليات بالأحساء | ٠٣-٥٨٩٦٦٩٧ | ٠٣-٥٨٧٤٦٦٤ | الهفوف ٣١٩٨١ ص.ب ١٠٢٢ |
| ١٣ | مكتب الجاليات بالخبر | ٠٣-٨٩٥٢٤٤٤ | ٠٣-٨٩٥٤٣٧٧ | الدمام ٣١٩٤٦ |
| ١٤ | مكتب الجاليات بالخفجي | ٠٣-٧٦٦١٩٦٩ | ٠٣-٧٦٦١٩٠٩ | الخفجي ٣١٩٧١ ص.ب ١٥٨ |
| ١٥ | مكتب الجاليات بالقريات | ٠٤-٦٤٢٤٠٨٩ | ٠٤-٦٤٢٤٠٨٩ | القريات ص.ب ٢٥٦ |
| ١٦ | مكتب الجاليات بتبوك | ٠٤-٤٢١١٣١٥ | ٠٤-٤٢٣٨٥١١ | مركز الدعوة بتبوك |
| ١٧ | مكتب الجاليات بعرعر | ٠٤-٦٦١٠٥١٣ | ٠٤-٦٦١٠٥١٣ | عرعر ص.ب ٨٧٥ |
| ١٨ | مركز توعية الجاليات بالقصيم (بريدة) | ٠٦-٣٢٤٨٩٨٠ | ٠٦-٣٢٤٥٤١٤ | بريدة ص.ب ١٤٢ |
| ١٩ | مكتب الجاليات بعنيزة | ٠٦-٣٦٤٤٥٠٦ | ٠٦-٣٦٤٤٥٠٦ | عنيزة ص.ب ٨٠٨ |
| ٢٠ | مكتب الجاليات بالبكيرية | ٠٦-٣٣٥٩٢١٦ | ٠٦-٣٣٥٩٢٦٦ | البكيرية ص.ب ٢٩٢ |
| ٢١ | مكتب الجاليات بالمجمعة | ٠٦-٤٣٢٣٩٤٩ | ٠٦-٤٣٢٣٩٤٩ | المجمعة ١١٩٥٢ ص.ب ٢٠٢ |
| ٢٢ | مكتب الجاليات بالزلفي | ٠٦-٤٢٢٣٠٥٧ | ٠٦-٤٢٢٤٢٣٤ | ص.ب ١٨٢ الزلفي ١١٩٣٢ |
| ٢٣ | مكتب الجاليات بحائل | ٠٦-٥٣٣٤١٤٨ | ٠٦-٥٤٣٣٢٢١ | حائل ص.ب ٢٨١٢ |
| ٢٤ | مكتب الجاليات بالباحة | ٠٧-٧٢٥١٨٥١ | ٠٧-٧٢٧١٢٧٩ | الباحة / مكتب الدعوة والإرشاد |
| ٢٥ | مكتب الجاليات ببيشة | ٠٧-٦٢٢٢٤٧٤ | ٠٧-٦٢٢٢٤٧٤ | بيشة ص.ب ٢٥ |

مركز توعية الجاليات بالقصيم

# أهداف المركز

## يسعى المركز إلى تحقيق الأهداف التالية

- دعوة غير المسلمين للإسلام وترغيبهم في اعتناق الدين الإسلامي.
- متابعة من أسلم وتعليمه الأحكام الشرعية والمبادئ الهامة.
- دعوة المسلمين إلى تصحيح ما عندهم من أفكار خاطئة وحثهم على انتهاج المنهج الإسلامي المبني على هدي الله عز وجل وسنة رسوله ﷺ.
- تدريب المسلمين لدعوة غير المسلمين، وذلك وفق أصول شرعية وباستشارة من أهل الخبرة في هذا المجال.
- الاتصال والتنسيق والتعاون مع الهيئات والمراكز الإسلامية بما يخدم الإسلام والمسلمين.
- طبع ونشر الكتاب والشريط الإسلامي بعدة لغات في أبواب التوحيد والإيمان والآداب والأخلاق والأحكام وتوزيعها في الداخل والخارج.
- نستقبل التبرعات على حساب الصدقات رقم (١٧٤٤٠/٨) الراجحي الخبيب بريدة، والزكاة بحساب (٤٨٠٠/١) الراجحي السادة بريدة.

ردمك: ٠ - ١٣ - ٨٤٣ - ٩٩٦٠

KINGDOM OF SAUDI ARABIA
FOREIGNERS GUIDANCE CENTER
IN GASSIM ZONE
Tel : 06 / 3248980 - 3243100 - 3231405 Fax: 06 / 3245414
P.O. Box : 142 BURAIDAH

[ طبع على نفقة مركز توعية الجاليات بالقصيم عام ١٤٢٣هـ - ٢٠٠٢م ]